LIBRARY ARCHIVES Kerala Legislative Assembly

**2. കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസം**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, വല്ലാർപ്പാടം പദ്ധതി മറ്റന്നാൾ രാഷ്ട്രത്തിന് സമർപ്പിക്കുകയാണ്. ഈ പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവരുടെ വേദന ഇപ്പോഴും മാറിയിട്ടില്ല. ആകെ 321 പേരെയാണ് മാറ്റിയത്. അതിൽ 22 കുടുംബങ്ങളാണ് മൂലമ്പിള്ളി ദ്വീപിൽ ഉണ്ടായിരുന്നത്. അതിൽ 13 പേരുടെ പ്രശ്നം ഇപ്പോൾ നിലനിൽക്കുന്നു. അതിൽ 2 പേർക്ക് ഇപ്പോഴും പട്ടയം കൊടുത്തിട്ടില്ല. അവർക്ക് പകരം സ്ഥലം കൊടുത്തുവെങ്കിലും പട്ടയം ആയിട്ടില്ല. സുഭദ്രാ പരമേശ്വരൻ, എസ്.സി. വിഭാഗത്തിൽപ്പെട്ടതാണ്. പഴയ പഞ്ചായത്ത് പ്രസിഡന്റ് സെലസ്റ്റിൻ മാസ്റ്റർക്ക് 76 സെന്റ് സ്ഥലം പോയി. മൂന്നുവർഷം മുമ്പ് 19-3-2008-ൽ അന്നത്തെ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീമതി നിവേദിത പി. ഹരൻ അവിടെ വന്ന് ഒരു സ്പെഷ്യൽ പാക്കേജ് ഉണ്ടാക്കി. ബഹുമാനപ്പെട്ട മന്ത്രി അവിടെ പോയിക്കാണുമെന്നാണ് എന്റെ വിശ്വാസം. ഈ 13 പേർക്കും ഇപ്പോൾ വീടുവയ്ക്കാൻ നിവൃത്തിയില്ല. കൊടുത്ത സ്ഥലം S.E.Z.-ൽപ്പെട്ടതാണ്. വീടുവയ്ക്കുവാനുള്ള അനുമതി പഞ്ചായത്ത് നിരസിച്ചു. മാത്രമല്ല, ചെളിനിറഞ്ഞ സ്ഥലവുമാണ്. ലഭിച്ച പണം വീടിന് അടിത്തറയുണ്ടാക്കുവാൻപോലും തികയുകയില്ല. അവിടെ കുടിവെള്ളമോ, റോഡോ, വൈദ്യുതിയെത്തിക്കാനുള്ള സൗകര്യങ്ങളോ ഇല്ല. അതുകൊണ്ട് അടിയന്തരമായി അങ്ങ് ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കണം. അങ്ങ് അവിടെ പോയിട്ടുണ്ടാകും. ഇല്ലെന്ന് പറയുന്നില്ല. അടിയന്തരമായി ഇവരുടെ പ്രശ്നം പരിഹരിക്കണം. വല്ലാർപ്പാടം പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ ഇവരുടെ വേദനയും കണ്ണീരും അവസാനിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, രാജ്യത്തിന് ഏറ്റവും അഭിമാനകരമായിട്ടുള്ള പദ്ധതിയാണിത്. വല്ലാർപ്പാടം പദ്ധതി പ്രധാന മന്ത്രി രാഷ്ട്രത്തിന് സമർപ്പിക്കുന്നു. സംസ്ഥാന ഗവൺമെന്റും മന്ത്രിസഭയും പല തവണ ചർച്ചചെയ്ത് ഉണ്ടാക്കിയ പാക്കേജുകളും ഉത്തരവുകളുമാണ്. ഈ സഭയിൽ അറിയേണ്ട ചില കാര്യങ്ങൾ ഞാൻ ഇവിടെ വായിക്കുകയാണ്. കാരണം തെറ്റായ രീതിയിലുള്ള ചില പ്രചാരണ വേലകൾ ഇപ്പോഴും നടക്കുകയാണ്. ഈ പദ്ധതിയുടെ ഭാഗമായി കിടപ്പാടം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ 62/2008.ആർ.ഡി. നമ്പർ ഉത്തരവുപ്രകാരം പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. പുനരധിവാസ പാക്കേജിന് അർഹമായ 297 കുടുംബങ്ങൾക്കും പാക്കേജിന്റെയും ബഹുമാനപ്പെട്ട കോടതിവിധികളുടെയും അടിസ്ഥാനത്തിൽ അർഹത അനുസരിച്ച് 4 മുതൽ 6 സെന്റ് വരെ ഭൂമി വാസയോഗ്യമാക്കി നൽകിയിട്ടുള്ളതാണ്. ഇതിൽ കടമക്കുടി വില്ലേജിൽ പുനരധിവാസത്തിന് അർഹരായ 51 കുടുംബങ്ങളിൽ മൂലമ്പിള്ളിയിൽത്തന്നെ പുനരധിവാസം നൽകിയ 11 കുടുംബങ്ങളും ഉൾപ്പെടുന്നു. ഈ ഇനത്തിൽ 297 കുടുംബങ്ങൾക്കായി ആറര കോടി രൂപ സർക്കാരിന് ചെലവ് വന്നിട്ടുള്ളതും മൂലമ്പിള്ളിയിലുള്ള 11 കുടുംബങ്ങൾക്ക് മാത്രമായി 74.1 ലക്ഷം രൂപ ചെലവ് വന്നിട്ടുള്ളതുമാണ്. ഇത്

ഒരു കുടുംബത്തിന് ഏകദേശം 6.73 ലക്ഷം രൂപ കണക്ക് വരുന്നുണ്ട്. കൂടാതെ സ്പെഷ്യൽ റീഹാബിലിറ്റേഷൻ പാക്കേജ് ഇനത്തിൽ 3.86 കോടി രൂപ അർഹതയനുസരിച്ച് പുനരധിവാസപ്പെട്ടവർക്ക് നൽകിയിട്ടുമുണ്ട്. മേൽപ്പറഞ്ഞ തുകകൾ കണക്കിലെടുക്കുമ്പോൾ വല്ലാർപ്പാടം പുനരധിവാസ പാക്കേജുപ്രകാരം ഒരു കുടുംബത്തിന് ഏകദേശം 4.25 ലക്ഷം രൂപ വീതം സർക്കാർ ഇതുവരെ ചെലവ് ചെയ്തിട്ടുള്ളതായി കാണാവുന്നതാണ്. ഈ തുക സർക്കാർ നൽകിയ പുനരധിവാസ ഭൂമിയുടെ വില ഉൾപ്പെടാതെയുള്ള തുകയാണ്. പുനരധിവാസ ഭൂമിക്ക് 2007-ലെ സർക്കാർ നിശ്ചയിച്ചിട്ടുള്ള സ്ഥലവില കണക്കാക്കുകയാണെങ്കിൽ ഒരു കുടുംബത്തിന് ഏകദേശം ഒൻപതര ലക്ഷം രൂപയോളം സ്ഥലവിലയായി മാത്രം സർക്കാരിന് ബാധ്യത വന്നിട്ടുള്ളതും മൊത്തം ബാധ്യത 28.28 കോടി രൂപയോളം ആയിട്ടുള്ളതുമാണ്. ഈ ബാധ്യതകൂടി കണക്കിലെടുക്കുമ്പോൾ വല്ലാർപ്പാടം പുനരധിവാസ പദ്ധതിക്കായി ഒരു കുടുംബത്തിന് ഏകദേശം 13.75 ലക്ഷം രൂപയോളം അവർക്ക് ഡി.എൽ.പി.സി. നിരക്കുപ്രകാരം കിട്ടിയിട്ടുള്ള ഭൂമി വില ഉൾപ്പെടാതെതന്നെ സർക്കാർ നൽകിയിട്ടുണ്ട്. വീട് നഷ്ടപ്പെട്ടവർക്ക് സർക്കാർ വീടുവയ്ക്കാൻ സ്ഥലം നൽകുകയും വീടുവയ്ക്കുന്നതുവരെ കണക്കാക്കി ഒരു മാസം 5,000 രൂപ വീതം പതിമൂന്ന് മാസത്തേക്ക് 65,000 രൂപ വീട്ടുവാടകയായും വീട്ടിലുള്ള സാധനങ്ങൾ മാറ്റുന്നതിനായി 10,000 രൂപ ഷിഫ്റ്റിംഗ് ചാർജ്ജുമായി നൽകിയിട്ടുണ്ട്. മുലമ്പിള്ളി വില്ലേജിൽ പുനരധിവാസത്തിന് അർഹരായിട്ടുള്ള ഓരോ കുടുംബത്തിനും മേൽ വിവരിച്ച പ്രകാരം ശരാശരി 12 ലക്ഷം രൂപയോളം സർക്കാരിന് ചെലവ് വന്നിട്ടുണ്ട്. പട്ടയം എല്ലാവർക്കും നൽകിയിട്ടുണ്ട്. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ഇവിടെ ചൂണ്ടിക്കാണിച്ച സുഭദ്രയുടെ പ്രശ്നം ഒരു പ്രത്യേക കേസ്സായി മന്ത്രിസഭയിൽ വച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ കുടിയൊഴിപ്പിക്കപ്പെടുന്നവർക്കായി പുനരധിവാസ പാക്കേജിനെക്കുറിച്ച് ചിന്തിക്കുന്നതേയുള്ളൂ. എന്നാൽ സംസ്ഥാന സർക്കാർ ഉദാരമായ വ്യവസ്ഥകളോടെ പുനരധിവാസ പാക്കേജ് നടപ്പിലാക്കിക്കഴിഞ്ഞു. സംസ്ഥാനത്ത് വൻകിട പദ്ധതികൾക്കുവേണ്ടി എല്ലായിടത്തും ഭൂമി ഏറ്റെടുക്കുന്നത് ഇതുപോലെയുള്ള പാക്കേജുകളോടുകൂടിയാണ്. ഒരു അഭ്യർത്ഥന കൂടിയുണ്ട്. പ്രധാനമന്ത്രി രാഷ്ട്രത്തിന് ഈ പദ്ധതി സമർപ്പിക്കുന്നത്, ഈ നാടിനെ സംബന്ധിച്ച് ഏറ്റവും അഭിമാനമുള്ള നിമിഷമാണ്. ഇപ്പോൾ തെറ്റിദ്ധാരണ ഉണ്ടാക്കുന്ന വിധത്തിൽ മുലമ്പിള്ളിയിൽ ഗവൺമെന്റ് വഞ്ചിച്ചു, അവിടത്തെ കുടുംബങ്ങൾ മൂന്ന് വർഷമായി ചതിക്കുഴിയിൽ എന്ന രീതിയിലുള്ള പ്രചരണം നടത്തുകയാണ്. അതൊന്നും വസ്തുതകളല്ല. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവിടത്തെ കാര്യങ്ങളെല്ലാം നല്ലതുപോലെ അറിയുന്ന ഒരു വ്യക്തിയായതുകൊണ്ട് ഞാൻ സൂചിപ്പിക്കുകയാണ്. ഗവൺമെന്റിന് ഏറ്റവും അഭിമാനമുള്ള ഒരു കാര്യത്തിൽ ഇത്തരം കാര്യങ്ങൾ നടപ്പിലാക്കിയത് ഈ പദ്ധതിയുടെ ഭാഗമായിട്ടുകൂടിയാണ്. അത് മനസ്സിലാക്കിക്കൊണ്ട് പ്രധാനമന്ത്രി വരുന്ന ദിവസം വീണ്ടുമൊരു സമരത്തിലേക്ക് അവരെ തള്ളിവിടരുത്. അങ്ങനെ കാര്യങ്ങൾ പോകാൻ പാടില്ല എന്ന് ഞാൻ അഭ്യർത്ഥനാ രൂപത്തിൽ പറയുകയാണ്. ഇവിടെ സൂചിപ്പിച്ച സുഭദ്രയുടെയും മുൻ പഞ്ചായത്ത് പ്രസിഡന്റിന്റേയും കാര്യം ഞാൻ പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly